# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 174

17-03-2015- ൽ മറുപടിക്ക്

## മാരിടൈം ബോർഡ്

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. എ.റ്റി.ജോർജ് :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ. പി.സി.വിഷ്ണുനാഥ് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | മാരിടൈം ബോർഡ് സ്ഥാപിക്കാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബില്ല് 17-12-2014-ൽ നിയമസഭ പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റേയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

ഉപരിതല ജലഗതാഗത മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്നാൽ ഈ മേഖലയിലെ എല്ലാ പദ്ധതികളുടേയും മേൽ നോട്ടം ബോർഡിനായിരിക്കും. സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) മത്സ്യസമ്പത്ത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;<br>(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും<br>കേരള മാരിടൈം ബോർഡ് ബിൽ ആർട്ടിക്കിൾ 25 പ്രകാരം നോൺ മേജർ തുറമുഖങ്ങളുടെ ചാനലും ബേസിനും ഉപയോഗിക്കുന്ന എല്ലാ മത്സ്യബന്ധന ബോട്ടുകളും ബോർഡിന്റെ നിയന്ത്രണത്തിൽ ആയിരിക്കും. എന്നാൽ മത്സ്യമേഖലയുടെ പ്രവർത്തനങ്ങൾ ബോർഡിന്റെ പരിധിയിൽ വരുന്നില്ല. |

സെക്ഷൻ ഓഫീസർ